പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2667

27/01/2014-ൽ
മറുപടിയ്ക്ക്

**<u>ഗുരുവായൂർ ക്ഷേത്രത്തിൽ ഒരു പഞ്ചവാദ്യം കലാകാരനെ അയിത്തം കൽപിച്ച് പുറത്താക്കിയതായ സംഭവം</u>**

<u>ചോദ്യം</u>

ശ്രീ. കെ. രാധാകൃഷ്ണൻ

<u>ഉത്തരം</u>

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

എ) ഗുരുവായൂർ ക്ഷേത്രത്തിൽ ഒരു പഞ്ചവാദ്യം കലാകാരനെ അയിത്തം കൽപ്പിച്ച് പുറത്താക്കിയതായ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

സി) ഈ നടപടി ഉചിതമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ) (ബി) (സി) & (ഡി) ഗുരുവായൂർ ക്ഷേത്രത്തിൽ പഞ്ചാവദ്യം നടത്തുന്ന കലാകാരന്മാരിൽ നിന്നും അയിത്തം കൽപ്പിച്ച് ആരെയും പുറത്താക്കിയിട്ടില്ല. എന്നാൽ ഗുരുവായൂർ ക്ഷേത്രത്തിന് സമീപത്തുള്ള ദേവസ്വം വക ഭഗവതി ക്ഷേത്രത്തിൽ നാട്ടുകാർ നടത്തുന്ന പിള്ളേർ താലപ്പൊലി എന്നറിയപ്പെടുന്ന ആഘോഷത്തിൽ പങ്കെടുത്ത ഒരു ഇലത്താളം കലാകാരനായ കലൂർ ബാബുവിനെ മേളത്തിൽ നിന്ന് മാറ്റിനിർത്തിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അന്വേഷിച്ചതിൽ പ്രസ്തുത ആഘോഷങ്ങളും മേളവും ഗുരുവായൂർ ദേവസ്വം നേരിട്ട് നടത്തുന്നതല്ലെന്നും ഗുരുവായൂർ ദേവസ്വമോ, ഭാരവാഹികളോ, ജോലിക്കാരോ, ആരെയും തടസ്സപ്പെടുത്തിയിട്ടില്ലെന്നുമാണ് റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്. പ്രസ്തുത കലാകാരനോ ആഘോഷ ചടങ്ങുകൾ ഏർപ്പാടാക്കിയ താലപ്പൊലി സംഘമോ ടിയാൻ പങ്കെടുത്തു എന്ന് പറയുന്ന മേളത്തിന്റെ മേളപ്രമാണിയോ മേളക്കാരോ പ്രസ്തുത കാര്യത്തിൽ യാതൊരു പരാതിയും ദേവസ്വം ഭരണ സമിതിയിൽ നൽകിയിട്ടില്ല. എന്നിരുന്നാലും ആരോപിക്കപ്പെടുന്ന സംഗതിയെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് റിട്ട. ജഡ്ജിയുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് ദേവസ്വം ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ